

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

എടക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-**676505**

ഇ-മെയിൽ: **dompm.ksad@kerala.gov.in**

ഫോൺ : **0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.26/2573/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 28/12/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടക്കര ഗ്രാമപഞ്ചായത്തിന്റെ **2023-2024** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന

പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.26/2573/2024 തീയ്യതി: 28/12/2024

മലപ്പുറം ജില്ലയിലെ എടക്കര ഗ്രാമപഞ്ചായത്തിന്റെ **2023-2024** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-11-2023 മുതൽ 09-12-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ഓഡിറ്റ് പരാമർശങ്ങൾ 10-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	02-12-2024	10-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)

02-12-2024	10-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.അബ്ദുൾ ജലീൽ ടി പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
2.ശ്രീ.രാമകൃഷ്ണൻ കെ,സീ.ഗ്രേ.ഓഡിറ്റർ
3.ശ്രീ.അബ്ദുൾ റഷീദ് വി,സീ.ഗ്രേ.ഓഡിറ്റർ
4.ശ്രീ.വിനീത പി പി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ഒ.ടി.ജയിംസ്	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. മണിയപ്പൻ.പി.പി	സെക്രട്ടറി	01-04-2023	23-04-2023
ശ്രീ.അലോഷ്യസ്.എൽ.ജെ	സെക്രട്ടറി-ഇൻ-ചാർജ്ജ്	24-04-2023	21-05-2023
ശ്രീ. മണിയപ്പൻ.പി.പി	സെക്രട്ടറി	22-05-2023	04-07-2023
ശ്രീ.അലോഷ്യസ്.എൽ.ജെ	സെക്രട്ടറി	05-07-2023	03-08-2023

ശ്രീ. രാധാകൃഷ്ണൻ കെ കെ	സെക്രട്ടറി	04-08-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. നീതു തങ്കം	കൃഷി ഓഫീസർ	01-04-2023	03-09-2023
ശ്രീ. ലിജു എബ്രഹാം	കൃഷി ഓഫീസർ	04-09-2023	22-09-2023
ശ്രീമതി. നീതു തങ്കം	കൃഷി ഓഫീസർ	23-09-2023	06-12-2023
ശ്രീമതി. എബിത ജോസഫ്	കൃഷി ഓഫീസർ	07-12-2023	31-03-2024
ഡോ.ചിന്നു ചന്ദ്രൻ	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീ.പ്രവീൺ.പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീമതി.മൃദുല.കെ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി.നൂർജഹാൻ	ഹെഡ്മിസ്ട്രസ്	01-04-2023	31-03-2024
ശ്രീമതി.ഷൈനി തോമസ്	വി ഇ ഒ	01-04-2023	31-03-2024

ഡോ.ഷർമ്മിള.ഇ.പി	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2023	31-03-2024
ഡോ.ദീപ.എൻ.ജി	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	01-04-2023	24-06-2023
ഡോ. ഉമൈറത്ത് എസ്	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	25-06-2023	30-06-2023
ഡോ. അമീൻ ഫൈസൽ കെ എം	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	01-07-2023	31-03-2024
ശ്രീ.അലോഷ്യസ്.എൽ.ജെ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	22-12-2023
ശ്രീ.നിജു ആന്റോ	അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്	23-12-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-1
3	വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.	1-1-2
4	Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയില്ല.	1-1-3
5	കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം	1-1-4
6	വികസനഫണ്ട് (ജനറൽ)ഇനത്തിൽ തുക വ്യത്യാസം	1-1-5
7	എം ജി എൻ ആർ ഇ ജി എസ് - ആസ്തി പ്രത്യേകമായി അക്കൗണ്ട് ചെയ്തില്ല	1-1-6
8	എം ജി എൻ ആർ ഇ ജി എസ് ഇനത്തിൽ ചെലവുതുകയിൽ വ്യത്യാസം	1-1-7
9	അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല.	1-1-8
10	ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല.	1-1-9

11	ലോൺ രജിസ്റ്റർ പൂർണ്ണമല്ല.	1-1-10
12	ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B-4- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.	1-1-11
13	ഓഡിറ്റ് റിക്കവറിയിനത്തിൽ തുക വ്യത്യാസം	1-1-12
14	ബജറ്റ്	1-2
15	സാമ്പത്തിക നില	1-3
16	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-4
17	പദ്ധതി അവലോകനം.	1-5
18	തൊഴിലുറപ്പ് പദ്ധതി	1-6
19	ക്ഷേമപദ്ധതികൾ	1-7
20	ക്യാഷ് പരിശോധന	1-8
21	ആഭ്യന്തര നിയന്ത്രണം	1-9
22	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.	1-10
23	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം	1-11
24	വാടക ഈടാക്കാൻ അവശേഷിക്കുന്നു	1-12
25	പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു	1-13

26	ജി എൽ പി സ്ക്കൂൾ പാതിരിപ്പാടത്തിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ പദ്ധതി - അപാകം	1-14
27	എസ് സി /എസ് ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യൽ പദ്ധതി - അപാകതകൾ	1-15
28	സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സ്ഥാപിക്കൽ - വരുമാന നികുതി ഈടാക്കിയില്ല.	1-16
29	പുനർജനി പദ്ധതി - മരുന്നുകൾ ലഭ്യമായില്ല.	1-17
30	വീട് വാസയോഗ്യമാക്കൽ (എസ്.ടി) - നിർമ്മാണം പൂർത്തീകരിച്ചില്ല.	1-18
31	ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.	1-19
32	ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ - അപാകത.	1-20
33	എസ് എസ് കെ പഞ്ചായത്ത് വിഹിതം അടവാക്കൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.	1-21
34	പരിരക്ഷ പദ്ധതി- മരുന്നുകൾ ലഭ്യമാക്കിയില്ല	1-22
35	പദ്ധതി അവലോകനം: അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കി പദ്ധതി പണം ചെലവഴിക്കുന്നതിൽ പുരോഗതി ഇല്ല.	1-23

36	മരത്തടികൾ ലേലം ചെയ്തില്ല	1-24
37	വക്കീൽ ഫീസ് അധികം നൽകി	1-25
38	അളവ് പുസ്തകം, സ്റ്റോക്ക് രജിസ്റ്റർ, ടെണ്ടർ ഫോറം, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.	1-26
39	സി എം ഡി ആർ എഫിലേക്ക് സംഭാവന -തുക അടവാക്കാതെ സൂക്ഷിക്കുന്നു.	1-27
40	കെ യു ആർ ഡി എഫ് സി ലോൺ - ശരിയായ വിവരം ലഭ്യമാക്കേണ്ടതാണ്	1-28
41	എക്കോഷോപ്പ് മുഖേനയുള്ള വാങ്ങൽ - അപാകതകൾ	1-29
42	പെരുംകുളം വാർഡിൽ തൊഴുത്ത് നിർമ്മാണം പ്രവൃത്തി - അപാകതകൾ	1-30
43	എൻ ആർ ഇ ജി എസ് പ്രവൃത്തികൾ - മെറ്റീരിയലുകൾ സപ്ലൈ ചെയ്തതിനു പണം നൽകിയപ്പോൾ ജി.എസ്.ടി കുറവ് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.	1-31
44	വൃക്ഷതൈ വെച്ചുപിടിപ്പിക്കൽ - പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയില്ല.	1-32
45	വാഹന വാടകയിനത്തിൽ ആദായ നികുതി ഈടാക്കിയിട്ടില്ല	1-33

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം	4-4
5	വായ്പ /വായ്പ തിരിച്ചടവ്.	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-8
9	ചാർജ് സർചാർജ് നടപടികളുടെ വിവരം.	4-9
10	ഓഡിറ്റ് പ്രത്യവലോകനം.	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4)പ്രകാരം,കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്)ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്ടർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് എടക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.07.2024 ലെ 2(1) നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 19.07.2024 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള വാഴയൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക

പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, എടക്കര ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : മലപ്പുറം

തീയതി: 28-12-2024

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule)ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-2 വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-3 Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

1-1-4 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും(1,64,04,635 രൂപ) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും(14,15,25,200 രൂപ) തുല്യമല്ല.

1-1-5 വികസനഫണ്ട് (ജനറൽ)ഇനത്തിൽ തുക വ്യത്യാസം

വികസനഫണ്ട് (ജനറൽ)ഇനത്തിൽ വാർഷികകണക്ക് പ്രകാരം ആകെ ചെലവ് 2,87,45,725 രൂപ എന്നാൽ ആയത് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ,സുലേഖ സോഫ്റ്റ്വെയർ എന്നിവ പ്രകാരം 1,88,90,725 രൂപ . 98,55,000 രൂപയുടെ വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

1-1-6 എം ജി എൻ ആർ ഇ ജി എസ് - ആസ്തി പ്രത്യേകമായി അക്കൗണ്ട് ചെയ്തില്ല

എം ജി എൻ ആർ ഇ ജി എസ് ഇനത്തിൽ 2023-24 വർഷത്തിൽ തൊഴിലുറപ്പു പദ്ധതി കാഷ്ബുക്ക് പ്രകാരം 25,79,535 രൂപയുടെ ആസ്തി സൃഷ്ടിച്ചിട്ടുണ്ടെങ്കിലും ആയത് ബാലൻസ് ഷീറ്റിൽ ,ഷെഡ്യൂൾ B 3 യിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 എം ജി എൻ ആർ ഇ ജി എസ് ഇനത്തിൽ ചെലവുതുകയിൽ വ്യത്യാസം

എം ജി എൻ ആർ ഇ ജി എസ് ഇനത്തിൽ ആകെ ചെലവ് തുക വാർഷികകണക്ക് പ്രകാരം 5,27,26,640രൂപ . എന്നാൽ ആയത് തൊഴിലുറപ്പു പദ്ധതി കാഷ് ബുക്ക് പ്രകാരം 4,54,44,792 രൂപ.

1-1-8 അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല.

അഡ്വാൻസ് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും വാർഷിക സംഗ്രഹവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ,ഷെഡ്യൂൾ ബി -18 ൽ രേഖപ്പെടുത്തിയ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

1-1-9 ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല.

ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും വാർഷിക സംഗ്രഹവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ,ഷെഡ്യൂൾ ബി -18 ൽ രേഖപ്പെടുത്തിയ തുകയുടെ

ആധികാരികത പരിശോധിക്കാനായിട്ടില്ല.

1-1-10 ലോൺ രജിസ്റ്റർ പൂർണ്ണമല്ല.

ലോൺ രജിസ്റ്ററിൽ ശരിയായി വിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി -5 ൽ രേഖപ്പെടുത്തിയ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

1-1-11 ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B-4- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B-4 ൽ Mahatma Gandhi National Rural Employment Guarantee Scheme ,Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs ,Gants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres,Grants, Funds & Contributions For Specific Purposes - Other Government Agencies - Jalanidhi,എന്നീ പ്രത്യേക അക്കൗണ്ടുള്ള ഇനങ്ങളിലൊഴികെ അവശേഷിച്ച ഇനങ്ങൾക്ക് പ്രത്യേകമായി കണക്ക് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B-4 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

1-1-12 ഓഡിറ്റ് റിക്കവറിയിനത്തിൽ തുക വ്യത്യാസം

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം വരവ് 92,000 രൂപ .എന്നാൽ ആയത് വാർഷികകണക്ക് പ്രകാരം 19,402 രൂപ.

1-2 ബജറ്റ്

2023-24 ലെ ബജറ്റ് പാസ്സാക്കിയ	(പുതുക്കിയത്)

തീരുമാന നമ്പർ./തിയ്യതി	തീരുമാന നമ്പർ./തിയ്യതി
1(1) തിയ്യതി 18/03/2023	2(1) തിയ്യതി 08/02/2024

1-3 സാമ്പത്തിക നില

ഇനം	തുക
മുന്നിരിപ്പ്	33848465
വരവ്	225496924
ആകെ	259345389
ചെലവ്	209092289
നീക്കിയിരിപ്പ്	50253100

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	വരവ് തുക	ആകെ തുക	ചെലവ് തുക	നീക്കിബാക്കി
വികസന ഫണ്ട് (ജനറൽ)	0	14151177	14151177	13987056	164121

വികസന ഫണ്ട് (എസ്.സി.പി)	0	3109286	3109286	3104107	5179
വികസനഫണ്ട് (ടി.എസ്.പി)	0	4005288	4005288	2762888	1242400
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	4806000	4806000	6392792	-1586792
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	5134600	5134600	3222717	1911883
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied	0	2459000	2459000	2327400	131600
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied	0	3279000	3279000	2486876	792124

1-5 പദ്ധതി അവലോകനം.

അംഗീകാരം ലഭിച്ചത് (എണ്ണം)	അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	ചെലവഴിച്ച തുക	ഭാഗികമായി നടപ്പാക്കിയത്(എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
190	311092484	121	100812186	0	69	63.68

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണ ചെലവുകൾ	0	692622	692622	692622	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	44056152	44056152	44056152	0

1-7 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി വേതനം	2695400	242
വിധവാപെൻഷൻ	13879000	1278
വാർദ്ധക്യകാലപെൻഷൻ	24515800	2362
വികലാംഗപെൻഷൻ	4615100	416
വിവാഹ ധനസഹായം	270000	9

50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള സഹായം	436800	42

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02-12-2024 ന് 3:45 Pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 72,249/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

2. കേരള ഫിനാൻഷ്യൽ കോഡ് വാല്യംI ആർട്ടിക്കൾ 150 പ്രകാരം I)അസംസ്കൃത വസ്തുകൾക്കും, വിലകുറഞ്ഞ സ്റ്റോറുകൾക്കും Ii)ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും Iii)പുസ്തകങ്ങൾ, ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല. മേൽ മൂഴുവൻ സ്റ്റോക്കുകൾക്കും പ്രത്യേകം നമ്പറിട്ട് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരമറിയിക്കേണ്ടതാണ്.

3. തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാം തന്നെ രണ്ടു തവണ യോഗം ചേർന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിൽ മാത്രമാണ്. 2023-24 വർഷത്തെ പ്രോജക്ടുകൾ ഒന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

4. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, മുതലായവ സംബന്ധിച്ച് കെഎസ് ഇ ബിയുമായി ചേർന്ന് സംയുക്ത

പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന തെരുവിളക്കുകളെ സംബന്ധിച്ചും ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളെ സംബന്ധിച്ചും കൃത്യമായ വിവരം ഗ്രാമപഞ്ചായത്തിൽ ഇല്ല. അപാകത പരിഹരിക്കേണ്ടതാണ്.

5.ഡെപ്പോസിറ്റ് രജിസ്റ്ററിൽ മൂന്നു വർഷത്തിൽ അധികരിച്ച കണ്ടുകെട്ടാവുന്ന നിക്ഷേപങ്ങൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	24.01.2023	11/2022-12/2022	24.01.2023
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	ലഭ്യമല്ല	2009-10	09.05.2011

1-11 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്ന് കൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും മുഖ മുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ

കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽസംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്. ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിന്റെ വ്യക്തിമുദ്ര പതിപ്പിക്കുന്ന ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ-കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ബഹു. ഡയറക്ടറുടെ നിർദ്ദേശം നമ്പർ ഡി.കെ.എസ്.എ 471/സി.എ.ആർ3/24 പ്രകാരം "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ " എന്ന വിഷയാടിസ്ഥാനത്തിൽ എടക്കര ഗ്രാമപഞ്ചായത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തി വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1) <u>അടിസ്ഥാന വിവരങ്ങൾ</u>

1)	പഞ്ചായത്തിലെ ആകെ ജനസംഖ്യ	30978
2)	ആകെ വാർഡുകളുടെ എണ്ണം	16
3)	ഓരോ വാർഡിലെയും ആൾ താമസമുള്ള വീടുകളുടെ എണ്ണം	8461
4)	ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം	3690
5)	വാർഡിലെ ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം	32

2) <u>മാലിന്യശേഖരണ കാര്യക്ഷമത</u>

വീടുകൾ തോറും മെമ്പർമാരും ആശ വർക്കർമാരും കുടുംബശ്രീ അംഗങ്ങളും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രചാരണം നടത്തുകയും നോട്ടീസുകൾ വിതരണം ചെയ്യുകയും, എല്ലാ ഗ്രാമസഭകളിലും ഹരിത കർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും, വഴി എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും ഹരിത കർമ്മസേനക്കു കീഴിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. മാലിന്യ ശേഖരണ കലണ്ടറിൽ ഷെഡ്യൂൾ ചെയ്തത് പ്രകാരം മാലിന്യ ശേഖരണം നടക്കുന്നില്ല. എങ്കിലും എല്ലാ വീട്ടിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാസത്തിൽ ഒരു തവണ എന്ന രീതിയിൽ ഹരിത കർമ്മസേനാ അംഗങ്ങൾ മാലിന്യം ശേഖരിച്ചു വരുന്നുണ്ട്. ജനങ്ങളുടെ സൗകര്യാർത്ഥം വാർഡ് അടിസ്ഥാനത്തിൽ വാട്സ് ആപ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും അതുവഴി ഓരോ മാസവും ശേഖരിക്കുന്ന മാലിന്യം സംബന്ധിച്ച് അറിയിപ്പ് നൽകുമെങ്കിലും ചിലർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിൽ വിമുഖത കാണിച്ചു വരുന്നുണ്ട്.

3)<u>മാലിന്യ വേർതിരിവ് പാലിക്കൽ</u>

ഉറവിടത്തിൽ നിന്നു തന്നെ മാലിന്യം പൂർണ്ണമായും വേർതിരിക്കാൻ ഹരിതകർമ്മസേനക്ക് കഴിയുന്നില്ല.നിലവിൽ 50 % മാലിന്യം മാത്രമേ ഉറവിടത്തിൽ നിന്നും വേർതിരിക്കാൻ കഴിയുന്നുള്ളൂ. 32 അംഗങ്ങളുള്ള ഹരിത കർമ്മസേനയിലെ 2 പേർക്ക് ഓരോ വാർഡുകളുടെയും ചുമതല നല്കി, വാർഡുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നു. 16 ദിവസം കൊണ്ട് വീടുകളിൽ നിന്നും, 4 ദിവസം കൊണ്ട് സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് എം സി എഫിലേക്ക് എത്തിക്കുന്നു. നിലവിൽ ''ശുദ്ധിസൊല്യൂഷൻസ് കമ്പനി''ക്കാണ് റിജക്ടഡ് വേസ്റ്റും സെഗ്രിഗേറ്റഡ് വേസ്റ്റും നൽകുന്നത്. മാസത്തിൽ 4 തവണ MCFൽ നിന്നും മാലിന്യം നീക്കം ചെയ്ത് വരുന്നുണ്ട് എന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചത്.

4) <u>റീസൈക്ലിംഗ്</u>

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ലാൻഡ്ഫില്ലുകളിൽ

(പാതയോരങ്ങളിലും പൊതു ഇടങ്ങളിലും വഴിയോരത്ത് സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ ,ജല സ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന മിക്സഡ്/ലെഗസി മാലിന്യം)നിന്നും ലഭിക്കുന്ന മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്നു.

5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

എല്ലാ ഗ്രാമസഭകളിലും മാലിന്യസംസ്കരണം അജണ്ടയായി വച്ചു കൊണ്ട് ജനങ്ങൾക്ക് ബോധവത്കരണം നൽകിയിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ്, കുട്ടികളുടെ ഗ്രാമസഭ തുടങ്ങിയ ബഹുജന പങ്കാളിത്തത്തോടെയുള്ള പരിപാടികളിൽ മാലിന്യസംസ്കരണവും ഹരിതകർമ്മസേനയുടെ ആവശ്യകതയും കുറിച്ച് ക്ലാസുകൾ നൽകിയിട്ടുണ്ട്. വ്യാപാരി വ്യവസായി പ്രതിനിധികൾ, ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ്, വിദ്യാർത്ഥികൾ, കുടുംബശ്രീ അംഗങ്ങൾ, ആശ പ്രവർത്തകർ എന്നിവർക്ക് പ്രത്യേകമായി ബോധവൽക്കരണ ക്ലാസ് നൽകിയിട്ടുണ്ട്.

6) തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹന ഡ്രൈവർക്കും പ്രത്യക്ഷമായും, റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിന് സാധിക്കുന്നു. ശരാശരി 15000 രൂപ വരെ പ്രതിമാസം ഹരിതകർമ്മസേനാംഗങ്ങൾക്ക് ലഭ്യമാകുന്നുണ്ട്.

7) അടിസ്ഥാന സൗകര്യ വികസനം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന് സമീപം 9-ാം വാർഡിലാണ് MCF പ്രവർത്തിക്കുന്നത്. 17 മിനി MCF കൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. MCFൽ ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഹരിതകർമ്മസേനക്ക് എം.സി.എഫിൽ ഓഫീസ്, കുടിവെള്ള സൗകര്യം, ശൗചാലയം, അഗ്നിശമന ഉപകരണം എന്നിവ നിലവിലുണ്ട്. എന്നാൽ വ്യാപകമായി മാലിന്യം കയ്യൊഴിയുന്ന പ്രദേശങ്ങളിൽ

സിസിടിവി സ്ഥാപിച്ചിട്ടില്ല. 2024-25 വർഷത്തെ വാർഷിക പദ്ധതിയിൽ ആയത് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, താമസിയാതെ സിസിടിവി സ്ഥാപിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

8) പാരിസ്ഥിതിക ആഘാതം

മാലിന്യം പൊതുയിടങ്ങളിൽ തള്ളുന്നതും കത്തിക്കുന്നതുമായി ബന്ധപ്പെട്ട് 3 പരാതികൾ രേഖാമൂലം ലഭിച്ചിട്ടുണ്ട്. 2 എണ്ണത്തിന് നോട്ടീസ് നൽകുകയും, ഒരെണ്ണത്തിന് പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. എംസിഎഫിനോട് ചേർന്നാണ് കൃഷി ഓഫീസ് പ്രവർത്തിക്കുന്നത്, കൃഷി ഓഫീസിൽ നിന്നും ജീവനക്കാർ പരാതി നൽകിയിരുന്നുവെന്നും അറിയാൻ കഴിഞ്ഞു. പിഴയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.

9) പരിശീലനവും വികസനവും

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും ഹരിത കേരള ആർ പി, ശുചിത്വമിഷൻ ആർ പി , പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരുടെ നേതൃത്വത്തിൽ പരിശീലനം നൽകുകയും സാങ്കേതികപരമായി ഹരിതമിത്രം ആപ്പ് കൈകാര്യം ചെയ്യുന്നതിന് പരിശീലനം, ഹരിതകർമസേനയുടെ പ്രാധാന്യത്തെ കുറിച്ച് വാർഡുകളിൽ പരിചയപ്പെടുത്തുന്നതിനുള്ള പരിശീലനം, ട്രാൻസ്പോർട്ട് പ്ലാൻ തയ്യാറാക്കൽ എന്നിങ്ങനെ പഞ്ചായത്ത് തലത്തിലും, ബ്ലോക്ക് തലത്തിലും പരിശീലനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

10) നിയമങ്ങൾ പാലിക്കൽ

പ്രാദേശിക അധികാരികൾ നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ ചട്ടങ്ങളും മാനദണ്ഡങ്ങളും ആയതുമായി ബന്ധപ്പെട്ട് ബൈലോ തയാറാക്കുകയും ചെയ്തിട്ടുണ്ട്.

11) ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിത കർമ്മ സേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി എല്ലാ മാസങ്ങളിലും റിവ്യൂ മീറ്റിംഗ് നടത്തിയിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളും സൗകര്യവും മെച്ചപ്പെടുത്തുന്നതിനുള്ള വാർഷിക പദ്ധതികൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ വീടുകളിൽ നിന്നും യൂസർ ഫീ ലഭിച്ചു വരുന്നുമുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി **(MCF)** റിസോഴ്സ് റിക്കവറി ഫെസിലിറ്റി **(RRF)**

I) അടിസ്ഥാന വിവരങ്ങൾ

1)	MCF/RRF (സ്ഥിരം /താത്കാലികം) എണ്ണം	1 MCF സ്ഥിരം RRF ഇല്ല
2)	ബെയ്ലിങ് /ഷ്രെഡിങ് യൂണിറ്റുകൾ ഉണ്ടോ ?	ഉണ്ട്
3)	അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം	MCF 1 : വാർഡ് 09
4)	അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ?	ഉണ്ട്
5)	അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ? (ടിപ്പിങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി തുടങ്ങിയവ	ഓഫീസ്, കുടിവെള്ള സൗകര്യം, ശൗചാലയം, എന്നിവ ഉണ്ട്. 2000 Sq.Ft ൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വാർഡ് 09 ൽ MCF സ്ഥിതി ചെയ്യുന്നത്. അതിൽ ടിപ്പിങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിങ് ഏരിയ എന്നിങ്ങനെ പ്രത്യേകം തരം തിരിച്ചിട്ടുണ്ട്. അഗ്നിശമന

		ഉപകരണം ഉണ്ട്
6)	അവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിവരങ്ങൾ	വാർഡ് 09 ലാണ് MCF സ്ഥിതി ചെയ്യുന്നത്
7)	അവയിലേക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ ?	ഉണ്ട്
8)	അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ?	നിലവിൽ ഇല്ല

Ii) <u>മാലിന്യ കൈമാറ്റ കാര്യക്ഷമത</u>

ശേഖരിക്കുന്ന മാലിന്യം കൃത്യമായി തരംതിരിച്ച് സമയബന്ധിതമായി എം.സി.എഫിൽ നിന്നും സംസ്കരണ കേന്ദ്രത്തിലേക്ക് കയറ്റി അയക്കുന്നുണ്ട്.

Iii) <u>മാലിന്യ സംഭരണ ശേഷി</u>

1)	ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്. ജൈവം /അജൈവം	1250 KG അജൈവം
2)	കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി MCF/RRF കൾക്ക് ആവശ്യത്തിന് വിസ്തൃതിയുണ്ടോ	ഇല്ല
3)	ആകെ വിസ്തൃതി A) ടിപ്പിങ് ഏരിയ – 200ച. അടി B) സ്റ്റോറേജ് ഏരിയ – 1000ച. അടി	MCF – 2000ച. അടി

	C) സോർട്ടിങ് ഏരിയ – 200ച. അടി D) മെഷിനറി ഏരിയ – ഇല്ല E) അന്തിമ സംഭരണ ഏരിയ - 600ച. അടി	
4)	അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു.	26 ദിവസം

Iv) <u>മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>

1)	മാലിന്യം ഇനം തിരിക്കുന്നത്	പ്ലാസ്റ്റിക് കവർ, ആക്രി, പേപ്പർ, ചട്ടകൾ, കൂപ്പിച്ചില്ല്, ചെരുപ്പ്, ഇ-വേസ്റ്റ്, മുതലായവ
2)	തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കൽ	1) Fire Extinguisher 2) Mask, Gloves, Rain Coat

V) <u>ശുചിത്വമാനദണ്ഡങ്ങൾ</u>

മാസ്ക്, ഗ്ലൗസ്, കാലുറ, പ്രതിരോധ മരുന്നുകൾ എന്നിവ ഉപയോഗിക്കുന്നു.

Vi) <u>യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്</u>

വാർഡുകളിൽ നിന്നും മാസം തോറും ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. റിജക്ടഡ് വേസ്റ്റും സെഗ്രിഗേറ്റഡ് വേസ്റ്റും ശുദ്ധിസൊല്യൂഷൻസ് കമ്പനിക്ക് നൽകുന്നു.

മറ്റു വിവരങ്ങൾ

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ 001003012078 എന്ന നമ്പരിൽ ഈസ്റ്റ് ഏറനാട് സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് എടക്കര ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. എന്നാൽ രസീതി ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ആയത് പരിഹരിച്ച് കൃത്യമായ സ്റ്റോക്ക് - വിതരണ രേഖകൾ പരിപാലിക്കേണ്ടതാണ്.

ആകെ വരവ് **(₹)**		ആകെ ചെലവ് **(₹)**	
ഗ്യാപ്പ് ഫണ്ട്	-	ഹരിത കർമ്മസേന ശമ്പളം	2694970
യൂസർഫീ	2346900	പർച്ചേയ്സ്	
സ്ക്രാപ്പ് വിൽപ്പന	470340	ദിവസവേതനം	
ക്ലീൻകേരള		മറ്റ് ചെലവ്	
മറ്റു വരവ്	11380		
ആകെ	**2828620**	ആകെ	**2694970**

2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

ക്രമനം	പ്രോജക്ട്	ഫണ്ടിനം	അടങ്കൽ **(₹)**	ചെലവ് **(₹)**

1	ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക്ക് ഗ്രഡ്സ് വാഹനം വാങ്ങൽ -124/24	കേന്ദ്രാവിഷ്കൃത ഫണ്ട്	525000	525000
2	ഹരിത കർമ്മസേനയെ ഉപയോഗിച്ച് മാലിന്യ ശേഖരണവും നിർമ്മാർജ്ജനവും രണ്ടാം ഘട്ടം-221/24	CFC	507660	285200
3	ഹരിത കർമ്മസേനയെ ഉപയോഗിച്ച് മാലിന്യശേഖരണവും നിർമ്മാർജ്ജനവും-20/24	CFC, തനത് ഫണ്ട്	1300000	1294360
4	ഹരിതമിത്രം-183/24	തനത് ഫണ്ട്	246780	246780

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ടൗൺ കേന്ദ്രീകരിച്ച് MCF പ്രവർത്തിക്കുന്നതിനാൽ സ്ഥല പരിമിതി നേരിടുന്നുണ്ട്. പരിഹാര നടപടി സ്വീകരിക്കാവുന്നതാണ്.

2. MCF ൽ കെട്ടി കിടക്കുന്ന മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും, പൊതു ജനങ്ങളിൽ ആവശ്യമായ ബോധവല്കരണം നടത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.

4. ഹരിതകർമ്മസേനയുടെ യൂസർഫീ രസീത്ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

5. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്ക് കർശനമായി പിഴ ഈടാക്കേണ്ടതാണ്.

6. മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനാവശ്യമായ ബോധവൽക്കരണം ജനങ്ങൾക്ക് നൽകേണ്ടതാണ്.

1-12 വാടക ഈടാക്കാൻ അവശേഷിക്കുന്നു

1) പഞ്ചായത്ത് വാടകയ്ക്ക് നൽകുന്ന താഴെപ്പറയുന്ന കടമുറിയുടെ 2023-24 ലെ വാടക ഈടാക്കിയിട്ടില്ല.

ക്രമ നം.	വാടകക്കാരന്റെ പേര്	വാടക രജിസ്റ്റർ പ്രകാരം റൂം നമ്പർ	പ്രതിമാസവാടക	ഈടാക്കാൻ അവശേഷിക്കുന്ന വാടക
1	ശ്രീ. മുഹമ്മദ് സഫീർ, തച്ചുപറമ്പൻ	14	2552	2552*12=30624+GST
2	ശ്രീ. നൗഷാദലി, തമ്പാലക്കോടൻ	7	610	610*12=7320+GST

മേൽ വ്യക്തിയിൽ നിന്നും വാടക ഈടാക്കി രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2) 2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം (ഷെഡ്യൂൾ ബി-15) 52275/- രൂപ മുൻവർഷങ്ങളിലെ വാടകയായി പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്നെങ്കിലും തൻവർഷം കൂടിശ്ശികയൊന്നും പിരിച്ചെടുത്തതായി കാണുന്നില്ല. കൂടിശ്ശികയുടെ വർഷം തിരിച്ചുള്ള വിവരം, വാടകയിനത്തിലെ കൂടിശിക പൂർണ്ണമായും പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ-20/23-24/09.12.24 ന് ലഭ്യമാക്കിയ മറുപടിയിൽ ശ്രീ. മുഹമ്മദ് സഫീർ എന്നവർ മുറികൾ ഒഴിഞ്ഞു പോയിട്ടുള്ളതാണെന്നും, ഈടാക്കാനുള്ള വാടക കുടിശ്ശിക സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുമെന്നും, ശ്രീ. നൗഷാദലി എന്നവർക്ക് നോട്ടീസ് നൽകുമെന്നും അറിയിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വാടക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും മറുപടി നൽകി. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു

1997 – ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള 200/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് അടവാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം, ചട്ടവിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

പരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസറ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് 2023-24ൽ ലൈസൻസ് അനുവദിച്ചതും പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്യാത്തതുമായി കാണുന്ന സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

	സ്ഥാപനം, ലൈസൻസി

ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ	
10	ലൈഫ് കെയർ ഡയഗ്നോസ്റ്റിക്- ശ്രീ. ഷഫീഖ് യു
33	കെ സി എസ് വൈദ്യശാല ക്ലിനിക്ക് - ശ്രീ. സനിൽ കെ പി
64	ഉപ്പട ക്ലിനിക്ക്- ശ്രീ. ജോസഫ് പി സി
108	ഫർഹ ആയൂർവ്വേദ ക്ലിനിക്ക്- ശ്രീമതി. ഫർഹ കെ
157	നിർമ്മല ക്ലിനിക്- ശ്രീമതി.കെ ജലജ
165	ദയ ക്ലിനിക്ക്- ശ്രീ. ആകാശ് സുരേഷ്
234	ബയോസ്കാൻ മെഡിക്കൽ ലാബ്- ശ്രീമതി. സുജ ജേക്കബ്
256	സ്മെയിൽ ഡെന്റൽ ക്ലിനിക്ക് – ശ്രീ. അനീഷ് വർഗീസ്
303	റെമഡി മെഡിക്കൽ ലാബ്-

	ശ്രീ. ഷാനവാസ് എം
452	ശിഫ മെഡിക്കൽ ലാബ്- ശ്രീ. മൊയ്തീൻക്കുട്ടി
490	ജോബ് സ് ഡെന്റൽ ക്ലിനിക്ക്- ശ്രീ. ജോബ് എബ്രഹാം
559	മറിയൻ ഹോമിയോ മെഡി ക്ലിനിക്ക്- ശ്രീമതി.മിലി ചേലക്കാനിറവ്വിൽ

മേൽ സ്ഥാപനങ്ങൾ 1997 – ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന്റെയോ രജിസ്ട്രേഷൻ പുതുക്കിയതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.18/23-24 Dtd 09.12.2024ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരം ഫീസ് ഈടാക്കി രജിസ്റ്റർ ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

1-14 ജി എൽ പി സ്ക്കൂൾ പാതിരിപ്പാടത്തിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ പദ്ധതി - അപാകം

പ്രോജക്ട് നം. 46/24

ജി എൽ പി എസ് പാതിരിപ്പാടത്തിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ പദ്ധതി

അടങ്കൽ & വിനിയോഗിച്ച തുക – 99,646 രൂപ (മെയിന്റനൻസ് ഫണ്ട് (റോഡിതരം))

ബി ആർ എൻ -231519520349007162 52/30.10.2023 – 99,646 രൂപ

നിർവ്വഹണം - ഹെഡ്മിസ്ട്രസ്സ് ജി എൽ പി എസ് പാതിരിപ്പാടം

സിഡ്കോ മഞ്ചേരി മുഖേന (ഇൻവോയിസ് നം. MJRI/23-24/70 തീ. 17.10. 2023) ഫർണ്ണീച്ചറുകൾ വാങ്ങുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.

സ.ഉ (സാധാ) നം. 97/2022/ എസ് പി ഡി തീ. 23.12.22 പ്രകാരം (പുതുക്കിയ ഉത്തരവ് സ.ഉ (സാധാ) നം. 147/2023/ എസ് പി ഡി തീ. 16.12.23) സർക്കാർ സ്ഥാപനങ്ങൽ ക്വട്ടേഷൻ ക്ഷണിക്കാതെ SIDCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ SIDCO യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതും SIDCO സ്വയം നിർമ്മിച്ചതുമായ, ഉത്തരവിനോടപ്പം അനുബന്ധമായി ചേർത്തിട്ടുള്ള SIDCO ഉല്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നതിന് അനുവാദമുള്ളത്. അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ സംഭരണം നടത്താവൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്.പ്രസ്തുത ഉല്പന്നങ്ങൾ SIDCO യിൽ ഉൽപ്പാദിപ്പിച്ചതാണെന്ന് SIDCO മാനേജിംഗ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കുകയും വേണം.

വാങ്ങിയതിൽ താഴെ പറഞ്ഞവ SIDCO സ്വയം നിർമ്മിച്ച മേൽ ഉത്തരവിനോടപ്പം അനുബന്ധമായി ചേർത്തിട്ടുള്ള SIDCO ഉല്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടവയല്ല.

ക്രമനം.	ഇനം	നിരക്ക്	എണ്ണം
1	Executive High Back Revolving Chair(Special Type)	11,868 + 18% G S T	1
2	Prelaminated Board Table One Drawer And One Cupboard	4410 + 18% G S T	8

	-Size 180x 90x 75 Cm		
3	Steel Chair With Cushion	2200 + 18% G S T	8

കൂടാതെ, ഓപ്പൺ ടെണ്ടറിലൂടെ സാധനങ്ങൾ സമാഹരിക്കുന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും മാത്രം ബിഡ്ഡിംഗ് നടത്തിയാണ് സാധനം സമാഹരിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത ഏജൻസികളിൽ നിന്നും വില മാത്രമാണ് തെരഞ്ഞെടുപ്പിന് പരിഗണിച്ചത് .സാമ്പിൾ പരിശോധന നടത്തി ഗുണമേൻമ ഉറപ്പാക്കിയല്ല വാങ്ങൽ നടത്തിയിട്ടുള്ളത് .

അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം. 2/2023-24 /05.12.2024) പ്രോക്വയർമെന്റ് കമ്മറ്റികൂടി സാമ്പിൾ പരിശോധന നടത്തിയാണ് സാധനങ്ങൾ സമാഹരിച്ചത് എന്ന് ഹെഡ്മിസ്ട്രസ് വ്യക്തമാക്കി. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 എസ് സി /എസ് ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യൽ പദ്ധതി - അപാകതകൾ

ഹെഡ്മിസ്ട്രസ്സ് ജി എൽ പി എസ് പാതിരിപ്പാടം നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് നം. 45/24

എസ് ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യൽ പദ്ധതി

അടങ്കൽ - 72,000 രൂപ (പ്ലാൻ - ടി എസ് പി)

വിനിയോഗിച്ച തുക – 29,498 രൂപ

ബി ആർ എൻ -231519520349011107 57/16.01.2024 – 29,498 രൂപ

2)പ്രോജക്ട് നം. 44/24

എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യൽ പദ്ധതി

അടങ്കൽ - 1,10,000 രൂപ

80,000 രൂപ (പ്ലാൻ - എസ് സി പി)

30,000 രൂപ (തനത് ഫണ്ട്)

വിനിയോഗിച്ച തുക – 80,000 രൂപ (പ്ലാൻ - എസ് സി പി)

- 12,708 രൂപ (തനത് ഫണ്ട്)

ആകെ **- 92,708** രൂപ

ബി ആർ എൻ -231519520349015024 56/24.03.2024 – 80,000 രൂപ

വൗച്ചർ നം. 22301173/26.03.2024- 12,708 രൂപ

പദ്ധതി പ്രകാരം കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കോഴിക്കോട് മുഖേന (ഇൻവോയിസ് നം. NRO/23-24/396 തീ. 20.12. 2023- എസ് ടി ഫർണ്ണീച്ചർ & ഇൻവോയിസ് നം. NRO/23-24/395 തീ. 20.12. 2023- എസ് സി ഫർണ്ണീച്ചർ) ഫർണ്ണീച്ചറുകൾ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്.

ജി ഒ (ആർ ടി) നം. 141/2023/ എസ് പി ഡി തീ. 08.12.2023 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ക്വട്ടേഷൻ ക്ഷണിക്കാതെ KADCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ KADCO യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതും KADCO സ്വയം നിർമ്മിച്ചതുമായ ഈ ഉത്തരവിനോടപ്പം അനുബന്ധമായി ചേർത്തിട്ടുള്ള

KADCO ഉല്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നതിന് അനുവാദമുള്ളത്. അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ സംഭരണം നടത്താവൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉല്പന്നങ്ങൾ KADCO യിൽ ഉൽപ്പാദിപ്പിച്ചതാണെന്ന് KADCO മാനേജിംഗ് ഡയറക്ടർ സാക്ഷ്യപ്പെടുത്തണം.

എന്നാൽ താഴെ പറഞ്ഞവ KADCO സ്വയം നിർമ്മിച്ച മേൽ ഉത്തരവിനോടപ്പം അനുബന്ധമായി ചേർത്തിട്ടുള്ള KADCO ഉല്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടവയല്ല.

ക്രമനം.	ഇനം	നിരക്ക്	എണ്ണം
1	Steel Table 90*60*75cm With One Drawer & Cupboard 18 Guage Pipe Six Legs ,Normal Paint	2746.46 + 18% G S T	22 (എസ് സി)+ 7 (എസ് ടി)
2	Steel Chair Armless With Cushionined Seat And Back	823.73+ 18% G S T	22 (എസ് സി)+ 7 (എസ് ടി)

കൂടാതെ, ഓപ്പൺ ടെണ്ടറിലൂടെ സാധനങ്ങൾ സമാഹരിക്കുന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ KADCOയിൽ നിന്ന് നേരിട്ടാണ് സാധനങ്ങൾ സമാഹരിച്ചിട്ടുള്ളത്. സാമ്പിൾ പരിശോധന നടത്തി ഗുണമേൻമ ഉറപ്പാക്കിയല്ല വാങ്ങൽ നടത്തിയിട്ടുള്ളത് .

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 04/2023-24/5.12.2024)മറുപടിയിൽ ഇ-ടെണ്ടർ നടത്തി പ്രോക്വയർമെന്റ് കമ്മറ്റികൂടി സാമ്പിൾ പരിശോധന നടത്തിയാണ് സാധനങ്ങൾ

സമാഹരിച്ചത് എന്ന് ഹെഡ്മിസ്ട്രസ് വ്യക്തമാക്കി. എന്നാൽ അപ്രകാരം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. അനുബന്ധ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-16 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സ്ഥാപിക്കൽ - വരുമാന നികുതി ഈടാക്കിയില്ല.

പ്രൊജക്ടിന്റെ നമ്പറും പേരും.	183/24 – ഹരിതമിത്രം.
അടങ്കൽ തുക.	2,47,140/- രൂപ. (തനത് ഫണ്ട്)
വിനിയോഗിച്ച തുക.	2,46,780/- രൂപ.
വൗച്ചർ നമ്പർ / തിയ്യതി.	22300656 തിയ്യതി. 03.11.2023 – 2,04,900/- രൂപ.
	22301187 തിയ്യതി. 27.03.2024 – 41,880/- രൂപ.
നിർവ്വഹണ ഉദ്യോഗസ്ഥൻ.	അസിസ്റ്റന്റ് സെക്രട്ടറി

GO(Rt)No.2307/2021/LSGD തീയതി.18.11.2021 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ സ്മാർട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിന് താഴെ പറയും പ്രകാരം 2,04,900/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്.

Laptop.	50,000/- രൂപ
QR Code Printing Charge.	12,000/- രൂപ
SMS Charge	7,200/- രൂപ
Service Charge	1,35,700/- രൂപ

TOTAL	2,04,900/- രൂപ

1961 ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 J പ്രകാരം 30,000/- രൂപയോ അതിലധികമായോ നൽകുന്ന സർവ്വീസ് ചാർജ്ജിന് വരുമാന നികുതി ഈടാക്കേണ്ടതാണ്. സ്ഥാപനങ്ങളിൽ നിന്നും ആകെ ടാക്സബിൾ തുകയുടെ 2% ശതമാനമായിരുന്ന വരുമാന നികുതി ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് അടവാക്കേണ്ടിയിരുന്നത്. എന്നാൽ കെൽട്രോണിന് സർവ്വീസ് ചാർജ്ജായി നൽകിയ 1,35,700/- രൂപയുടെ വരുമാന നികുതി ടി.ഡി.എസ് (1,35,700 X 2% = 2,714/- രൂപ) കുറവ് ചെയ്തിട്ടില്ല. അപാകതക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 13/07.12.2024) ടി.ഡി.എസ്. ഇനത്തിൽ കിഴിവ് ചെയ്യേണ്ടിയിരുന്ന 2,714/- രൂപ തിരികെ ലഭ്യമാക്കുന്നതിന് കെൽട്രോണിലേക്ക് രേഖാമൂലം കത്ത് നൽകുന്നതാണ് എന്നറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-17 പുനർജനി പദ്ധതി - മരുന്നുകൾ ലഭ്യമായില്ല.

പ്രൊജക്ട് നമ്പർ / പേര്.	187/24 – പുനർജനി.
നിർവ്വഹണ ഉദ്യോഗസ്ഥൻ.	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)
അടങ്കൽ തുക.	10,000/- രൂപ (വികസന ഫണ്ട് - ജനറൽ) 10,00,000/- രൂപ (ജില്ലാ പഞ്ചായത്ത്)
വിനിയോഗിച്ച തുക.	10,000/- രൂപ (വികസന ഫണ്ട് - ജനറൽ) 10,00,000/- രൂപ (ജില്ലാ പഞ്ചായത്ത്)

2023-24 സാമ്പത്തിക വർഷത്തിൽ പുനർജനി പദ്ധതിക്കായി മരുന്ന് വാങ്ങുന്നതിനായി 10,10,000/- രൂപ

ചെലവഴിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതമായി നൽകിയ തുകക്കുള്ള മരുന്ന് പൂർണ്ണമായും ലഭ്യമായെങ്കിലും വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 10,000/- രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ.	പ്രൊഫോർമ ഇൻവോയിസ് നമ്പർ/തീയതി.	ബിൽ നമ്പർ/തീയതി.	തുക.
1	196330/13.11.2023	231519520351008042 96/16.11.2023	10,000/- രൂപ.

മരുന്നുകൾ ലഭ്യമാക്കി ബന്ധപ്പെട്ട ഇൻവോയിസ്, സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.17/07.12.2024 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

1-18 വീട് വാസയോഗ്യമാക്കൽ (എസ്.ടി) - നിർമ്മാണം പൂർത്തീകരിച്ചില്ല.

പ്രൊജക്ട് നമ്പർ	:	100/24
പദ്ധതിയുടെ പേര്	:	വീടുകൾ വാസയോഗ്യമാക്കൽ (എസ്.ടി) 2023-24.
നിർവ്വഹണ ഉദ്യോഗസ്ഥൻ	:	വി.ഇ.ഒ
അടങ്കൽ തുക (₹)	:	19,00,000/- രൂപ (വികസന ഫണ്ട് - ടി.എസ്.പി)
ചെലവ് (₹)	:	13,77,146/- രൂപ.

മേൽ പദ്ധതി പ്രകാരം വീട് വാസയോഗ്യമാക്കുന്നതിന് മുൻകൂർ ധനസഹായം അനുവദിക്കപ്പെട്ട 8

ഗുണഭോക്താക്കളിൽ 2 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ.	പേര്, മേൽവിലാസം.	അനുവദിച്ച തുക.	
		ബിൽ നമ്പർ & തിയ്യതി.	തുക.
1	ശ്രീമതി.സുനിത, നെല്ലിയൻ ഹൗസ്, വെള്ളാരംകുന്ന്.	231519520348015023 24/24.03.2024	50,000/- രൂപ.
2	ശ്രീമതി.സതി, W/o.ഓണൻ, ഉണിചന്ത ഹൗസ്, അറണാടംപാടം.	231519520348012248 59/15.02.2024	50,000/- രൂപ.

ഗുണഭോക്താക്കൾ 200 രൂപ മുദ്രപേപ്പറിൽ തയ്യാറാക്കി നൽകിയ കരാറിൽ നിർമ്മാണം പൂർത്തീകരിക്കേണ്ട കാലാവധി ഉൾപ്പെടെ യാതൊരു കരാർ വ്യവസ്ഥകളും രേഖപ്പെടുത്തിയിട്ടില്ല. "പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് വേണ്ടി ഈ കരാർ ഉടമ്പടി ഒപ്പിട്ട് ഇതിലെ വ്യവസ്ഥകൾ പാലിക്കുവാൻ ഇതിനാൽ സമ്മതിച്ചിരിക്കുന്നു" എന്നാണ് കരാറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വ്യവസ്ഥകൾ കരാറിൽ വ്യക്തമാക്കാത്ത ഈ സാഹചര്യത്തിൽ മുൻകൂർ കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത ഈ ഗുണഭോക്താക്കൾക്കെതിരെ നിയമപരമായ യാതൊരു നടപടിയും സ്വീകരിക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. അപാകതകളുടെ കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ :14/07.12.2024 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

1-19 ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് പാർപ്പിട പദ്ധതി പ്രകാരം വിവിധ വർഷങ്ങളിൽ ധനസഹായം കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന 10 ഗുണഭോക്താക്കൾ ഓഡിറ്റ് തിയ്യതി വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ക്രമ നമ്പർ.	പേര്, മേൽവിലാസം.	അനുവദിച്ച തുക.		ആകെ.
		ബിൽ/ചെക്ക് നമ്പർ & തിയ്യതി.	തുക.	
1	ആമിന W/o. അബ്ദുറഹിമാൻ, പുളിക്കുഴിയിൽ ഹൗസ്, മണക്കാട്, പാതിരിപ്പാടം.പി.ഒ.	3/20-21 Dt: 05.06.2020	40,000	2,00,000
		7/20-21 Dt:17.09.2020	1,60,000	
2	നജ്മുന്നീസ, W/o.അജ്മൽ, തേവർമലയിൽ ഹൗസ്, പള്ളിപ്പടി, പാലേമാട്.	3/20-21 Dt: 05.06.2020	40,000	3,40,000
		57/21 Dt:18.03.2021	1,60,000	
		63/21 Dt: 26.03.2021	40,000	
		38/22 Dt: 10.09.2021	1,00,000	
3	സംഗീത, W/o.വിനീത, പുത്തൻപുരയിൽ ഹൗസ്, കരുനെച്ചി, എടക്കര.	3/20-21 Dt: 05.06.2020	40,000	3,60,000
		7/22 Dt: 17.09.2022	1,60,000	

		23/20 Dt: 02.02.2021	60,000	
		27/20 Dt: 10.09.2021	1,00,000	
4	തങ്കമണി, ഞാറക്കാടൻ ഹൗസ്, പായിമ്പാടം.	25/20 Dt: 30.03.2021	40,000	3,00,000
		76/23 Dt: 27.01.2021	1,60,000	
		41 Dt: 17.08.2023	1,00,000	
5	ശാന്ത, D/o.വെള്ളൻ, കാരക്കോട് മുക്കം കോളനി, ഇല്ലിക്കാട്, എടക്കര.	25/20 Dt: 30.03.2021	40,000	
6	സുനീഷ്, S/o.ഗോപാലൻ, ചാലിയിൽ കോളനി, ഉതിരകുളം, എടക്കര.	25/20 Dt: 30.03.2021	40,000	3,80,000
		21/23 Dt: 04.08.2022	1,60,000	
		25/23 Dt: 22.11.2022	1,00,000	
		84/23 Dt: 28.02.2023	60,000	
		20/23 Dt: 08.09.2023	20,000	
7	നൗഷജ, പാലപ്പറ്റ ഹൗസ്, പള്ളിപ്പടി.	34/21 Dt:24.01.2022	40,000	3,80,000
		51/21	1,00,000	

		Dt:19.03.2022		
		1/23 Dt: 17.05.2022	1,60,000	
		47/23 Dt: 27.09.2022	60,000	
		57/23 Dt: 29.12.2022	20,000	
8	സുനിത.പി, കാടാഞ്ചിറ പുതുവേലിൽ ഹൗസ്, പാലേമാട്.	51/21-22 Dt:24.02.2022	40,000	3,60,000
		56/21 Dt: 19.03.2022	1,00,000	
		2/23 Dt: 17.05.2022	1,60,000	
		15/23 Dt: 29.06.2022	60,000	
9	ശാന്തകുമാരി, W/o. സുന്ദരൻ കാട്ടുമുണ്ട ഹൗസ്, വെള്ളാരംകുന്ന്.	3/23 Dt: 17.03.2023	40,000	40,000

ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ :26/10.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ - അപാകത.

പ്രൊജക്ടിന്റെ നമ്പറും പേരും.	91/24 – ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ.

അടങ്കൽ തുക.	14,00,000/- രൂപ. (വികസനഫണ്ട് - ജനറൽ) 6,00,000/- രൂപ. (ബ്ലോക്ക് പഞ്ചായത്ത്) 2,00,000/- രൂപ. (ജില്ലാ പഞ്ചായത്ത്)
വിനിയോഗിച്ച തുക.	13,52,900/- രൂപ. (വികസനഫണ്ട് - ജനറൽ) 6,00,000/- രൂപ. (ബ്ലോക്ക് പഞ്ചായത്ത്) 2,00,000/- രൂപ. (ജില്ലാ പഞ്ചായത്ത്)
ബിൽ നമ്പർ / തിയ്യതി.	23151952034700650866 തിയ്യതി. 12.10.2023 – 6,00,000/- രൂപ.
	23151952034700893657 തിയ്യതി. 01.12.2023 – 2,00,000/- രൂപ.
	23151952034700754782 തിയ്യതി. 07.11.2023 – 3,88,000/- രൂപ.
	23151952034700754786 തിയ്യതി. 07.11.2023 – 2,79,000/- രൂപ.
	23151952034701116495 തിയ്യതി. 23.01.2024 – 1,31,700/- രൂപ.
	23151952034701469076 തിയ്യതി. 24.03.2024 – 3,60,000/- രൂപ.

	23151952034701469106 തിയ്യതി. 24.03.2024 – 1,94,200/- രൂപ.
നിർവ്വഹണ ഉദ്യോഗസ്ഥൻ.	ഐ.സി.ഡി.എസ് സൂപ്പർവൈസർ.

മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും ഒരു വിദ്യാർത്ഥിയുടെ പേരിൽ വ്യത്യസ്ത അക്കൗണ്ട് നമ്പറുകളിൽ മൂന്ന് ബില്ലുകളായി 28,500/- രൂപ വീതം രണ്ട് തവണ അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

BRN നമ്പറും തീയതിയും.	ഗുണഭോക്താവിന്റെ പേര് & ബില്ലിലെ ക്രമ നമ്പർ.	IFS Code.	അക്കൗണ്ട് നമ്പർ.	തുക.
23151952034700650866 തിയ്യതി. 12.10.2023.	ലിസാൻ ലജ്വർദ് (10)	SBIN0070710	38895204538	15,000/-
	ലിസാൻ ലജ്വർദ് (29)	CNRB0001696	1696101030543	15,000/-
23151952034700754782 തിയ്യതി. 07.11.2023	ലിസാൻ ലജ്വർദ് (9)	SBIN0070710	38895204538	7,500/-
	ലിസാൻ ലജ്വർദ് (32)	CNRB0001696	1696101030543	7,500/-
23151952034701469076 തിയ്യതി. 24.03.2024	ലിസാൻ ലജ്വർദ് (11)	SBIN0070710	38895204538	6,000/-

	ലിസാൻ ലജ്‌വർദ് (37)	CNRB0001696	1696101030543	6,000/-

ഓരോ ബില്ലിലും ആദ്യം വന്നിട്ടുള്ള അക്കൗണ്ട് നമ്പർ ലിസാൻ ലജ്‌വർദ് എന്ന വിദ്യാർത്ഥിയുടേത് തന്നെയാണ്. എന്നാൽ രണ്ടാമത് തുക നൽകിയിട്ടുള്ളത് അമൻഹാദി.പി.ടി, പാറത്തൊടിക എന്ന വിദ്യാർത്ഥിയുടെ അക്കൗണ്ട് നമ്പറിലേക്കാണ്. ബില്ലുകളിൽ ഗുണഭോക്താവിന്റെ പേരായി അമൻഹാദി.പി.ടി എന്ന വിദ്യാർത്ഥിക്ക് പകരം ലിസാൻ ലജ്‌വർദ് എന്ന വിദ്യാർത്ഥിയുടെ പേര് ചേർത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 11/07.12.2024), സ്കോളർഷിപ്പ് വിതരണം ചെയ്ത മൂന്ന് ബില്ലുകളിലും അമാൻഹാദി.പി.ടി എന്ന വിദ്യാർത്ഥിയുടെ പേരിനു പകരം ലിസാൻ ലജ്‌വർദ് എന്ന പേരാണ് വന്നിട്ടുള്ളതെന്നും അമൻഹാദി.പി.ടി യെ പ്രൊജക്ടുമായി മാപ്പ് ചെയ്യുന്ന വേളയിൽ കൃത്യമായി പേരും മറ്റു വിവരങ്ങളും മാപ്പ് ചെയ്യപ്പെടുന്നുണ്ടെന്നും റിക്വസിഷൻ സമർപ്പിക്കുമ്പോഴും കൃത്യമായി തന്നെയാണ് വരുന്നതെന്നും ഫൈനൽ ബില്ലെടുക്കുന്ന സമയത്ത് മാത്രം അമൻഹാദി.പി.ടി ക്കു പകരം ലിസാൻ ലജ്‌വർദ് എന്ന പേരാണ് വരുന്നതെന്നും മറുപടി ലഭ്യമാക്കി. പേര് മാറിയിട്ടുണ്ടെങ്കിലും തുക ശരിയായ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് ക്രഡിറ്റായിട്ടുള്ളതെന്നും ഇതൊരു സാങ്കേതിക പ്രശ്നമാണെന്നും അറിയിച്ചു. ബന്ധപ്പെട്ട അധികാരികളെ സമീപിച്ച് സോഫ്ട്‌വെയറിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 എസ് എസ് കെ പഞ്ചായത്ത് വിഹിതം അടവാക്കൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം. 39/24

എസ് എസ് കെ വിഹിതം അടവാക്കൽ (ജനറൽ)

അടങ്കൽ തുക & വിനിയോഗിച്ച തുക – 5,00,000 രൂപ (പ്ളാൻ -ജനറൽ)

വൗച്ചർ നം. 22301161/26.03.2024 – 5,00,000 രൂപ

നിർവ്വഹണം - ഹെഡ്മിസ്ട്രസ്സ് ,ജി എൽ പി എസ് പാതിരിപ്പാടം

പദ്ധതി പ്രകാരം 5,00,000 രൂപ എസ് എസ് കെ വിഹിതം (ജനറൽ) ഇനത്തിൽ, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ,സമഗ്രശിക്ഷാ, കേരള ക്ക് നൽകിയിട്ടുണ്ട് .

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്ക്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/2023-24/ 05.12.2024) അപ്രകാരം തുക

ചെലവഴിച്ചതിന്റെ വിവരം നൽകാനാവില്ലെന്ന് എസ് എസ് കെ യിൽ നിന്നും അറിയിച്ചതായി അറിയിച്ചു. പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.ആയത് ലഭ്യമാക്കുന്നതു വരെ ചെലവ് തുക 5,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-22 പരിരക്ഷ പദ്ധതി- മരുന്നുകൾ ലഭ്യമാക്കിയില്ല

പ്രൊജക്ട് നമ്പർ / പേര്.	34/24 – പാലിയേറ്റീവ് കെയർ.
നിർവ്വഹണ ഉദ്യോഗസ്ഥൻ.	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)
അടങ്കൽ തുക.	1150000/- രൂപ (വികസന ഫണ്ട് - ജനറൽ)
ആകെ ചെലവ്	867525/- രൂപ.
ബിൽ നം., തിയ്യതി,തുക	034/24 Dtd 29.11.2023 – 2,99,999/-(മരുന്നിനായി നൽകിയത്)

പരിരക്ഷ പദ്ധതിക്ക് മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 2,99,999/- രൂപ PRF- 1562 Dtd 04.10.2023 പ്രകാരം നല്കിയിരുന്നു. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/10.12.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ് പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല. മുൻക്കൂർ നൽകിയ മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത്

വിവരം അറിയിക്കേണ്ടതാണ്.

1-23 പദ്ധതി അവലോകനം: അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കി പദ്ധതി പണം ചെലവഴിക്കുന്നതിൽ പുരോഗതി ഇല്ല.

പദ്ധതി അവലോകനം 2023-24

നിർവ്വഹണോദ്യോഗസ്ഥൻ	പ്രൊജക്ടുകൾ	നിർവ്വണം നടത്തിയത്	നടപ്പിലാക്കാത്തവ	അടങ്കൽ	ചെലവ്	ശതമാനം
കൃഷി ഓഫീസർ	6	6	0	3440811	2140315	62.20%
വെറ്റിനറി	6	4	2	3011000	484515	16.09%
MO (PHC)	13	11	2	5875960	3704303	63.04%
MO(ISM)	3	3	0	2160000	1695400	78.49%
വി.ഇ.ഒ	17	14	3	235613194	62124342	26.36%
ഐ.സി.ഡി.എസ്	12	11	1	7989464	7183473	89.91%
സെക്രട്ടറി	43	26	17	18893582	10646752	56.35%
അസി.എൻജിനിയർ	70	32	38	26726703	7951677	29.75%
എച്ച്.എം	6	6	0	1031267	970472	94.10%
അസി.സെക്രട്ടറി	13	7	6	4791503	3019308	63.01%
ഡി.ഇ.ഒ	1	1	0	1559000	891629	57.19%

ആകെ	177	121	56	311092484	100812186	**32.40%**

നിരീക്ഷണം

1. ആകെ 31.10 കോടി അടങ്കലിൽ 10.08 കോടി മാത്രം ചെലവഴിക്കപ്പെട്ടു (32.40%) . ആകെ 177 പ്രൊജക്ടിൽ 121 എണ്ണം മാത്രം നിർവ്വഹണം നടത്തി (68.36%)

2. വെറ്റിനറി സർജൻ, വി.ഇ.ഒ, അസി.എൻജിനിയർ എന്നീ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് 30% ൽ താഴെ മാത്രമാണ്. പദ്ധതി പണം യഥാസമയം ചെലവഴിക്കാത്തതിന് ഈ നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ പട്ടിക പ്രകാരമുള്ള കണക്ക് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

1-24 മരത്തടികൾ ലേലം ചെയ്തില്ല

വൗച്ചർ നം.22300319/29.07.2024 പ്രകാരം 25,200 രൂപ, മൊയ്തീൻ ഉൽവിലാമ്പറ്റ വീട് എടക്കര എന്ന വ്യക്തിക്ക് അഞ്ച് തൊഴിലാളികൾ 17.07.2023 മുതൽ 22.07.2023 വരെ ആറ് ദിവസം, ആറാം വാർഡിലെ ഹെൽത്ത് സബ് സെന്റർ വളപ്പിലെ മരങ്ങൾ വെട്ടി മാറ്റിയതിനായി തനത് ഫണ്ടിൽ നിന്നും സെക്രട്ടറി

അനുവദിച്ച് നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ മലപ്പുറം ഫോറസ്റ്റ് കൺസർവേറ്ററുടെ 07.08.2023 ലെ A -1643/ 2023(1) ഉത്തരവ് പ്രകാരം 68,093 രൂപ മൂല്യ നിർണ്ണയം നടത്തി നൽകിയിട്ടുണ്ട് . പ്രസ്തുത മരത്തടികൾ ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 23/2023-24/ 10.12.2024)നൽകിയ 17.12.2024 ന് പുനർലേലം നടത്തുന്നതിന് നോട്ടീസ് പബ്ലിഷ് ചെയ്തിട്ടുണ്ടെന്നും തുടർ നടപടി വിവരം അറിയ്ക്കുന്നതാണെന്നും അറിയിച്ചു. പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-25 വക്കീൽ ഫീസ് അധികം നൽകി

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 36/16/ തസ്വഭവ തിയതി 18.02.2016 പ്രകാരം ഒരു കേസിന് അനുവദിക്കാവുന്ന പരമാവധി വക്കീൽ ഫീസ് 15000 രൂപയും വകുപ്പദ്ധ്യക്ഷൻമാരുടെ അനുമതിക്ക് വിധേയമായി 50,000 രൂപയും ചെലവഴിക്കാവുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് കേരള ഹൈകോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽചെയ്തതിന് ശ്രീ. എം പി പ്രഭാകരൻ അഡ്വക്കറ്റിന് താഴെ പറയും പ്രകാരം ആകെ 36000 രൂപ 2023-24 വർഷത്തിൽ നൽകിയിട്ടുണ്ട്. അധിക തുക അനുവദിച്ചതിന് വകുപ്പദ്ധ്യക്ഷന്റെ അനുമതി വാങ്ങിയിട്ടില്ല.

കേസ് നമ്പർ	വൗച്ചർ നമ്പർ	അനുവദിച്ച തുക	അനുവദിക്കാവുന്ന തുക	അധികം
WP(C)No.1540/2022	22300274/03.07.23	18,000	15000	3,000
WP(C)No.8754/2023	22300343/11.07.23	18,000	15000	3,000
	ആകെ	36,000	30,000	6,000

അധികം തുക അനുവദിച്ചത് പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.8/07.12.2024) മറുപടിയിൽ ഭരണസമിതി തീരുമാന പ്രകാരമാണ് തുക അനുവദിച്ചത് എന്നും ഇത്തരം വിഷയങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതാണെന്നും അറിയിച്ചു. ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

1-26 അളവ് പുസ്തകം, സ്റ്റോക്ക് രജിസ്റ്റർ, ടെണ്ടർ ഫോറം, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2109 പ്രകാരം K.P.W. Form 84 മാതൃകയിൽ അളവ് പുസ്തകങ്ങൾക്ക് ഒരു സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കണം. ഇതിൽ അളവ് പുസ്തകത്തിന്റെ ക്രമ നമ്പർ ഇഷ്യൂ ചെയ്യുന്ന തീയ്യതി എന്നിവ രേഖപ്പെടുത്തണം. കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റ ഒപ്പ് വാങ്ങിക്കണം. ഗ്രാമ പഞ്ചായത്തുകളിൽ അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് സൂക്ഷിപ്പ് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഗ്രാമ പഞ്ചായത്തിൽ കൈപ്പറ്റുന്ന അളവ് പുസ്തകങ്ങൾക്ക് ക്രമ നമ്പർ നൽകി സ്റ്റോക്കിലെടുക്കുകയും, അസിസ്റ്റന്റ് എഞ്ചിനീയർ/MGNREGS യുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ആയത് ആവശ്യാനുസരണം ഇഷ്യൂ ചെയ്യുകയും ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

അളവ് പുസ്തകങ്ങൾ, ടെണ്ടർ ഫോം എന്നിവ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ വിവരം , അസിസ്റ്റന്റ് എഞ്ചിനീയർ/MGNREGS വിഭാഗം ആയത് കൈപ്പറ്റി സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 09/2023-24/07.12.2024) നൽകിയ മറുപടിയിൽ ആയവ വാങ്ങുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ/MGNREGS വിഭാഗം എന്നിവർക്ക് കൈമാറിയത് പരിശോധിച്ച് ക്രമപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. അപാകം പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-27 സി എം ഡി ആർ എഫിലേക്ക് സംഭാവന -തുക അടവാക്കാതെ സൂക്ഷിക്കുന്നു.

വാർഷിക കണക്ക് പരിശോധിച്ചതിൽ Donations To CMDRF ഇനത്തിൽ 11,600 രൂപ പിരിച്ചെടുത്തത് ഇനിയും CMDRF ലേക്ക് അടവാക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. തുക നാളിതുവരെയും അടവാക്കാതെ തനത്ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.10/2023-24/07.12.2024) തുക അടവാക്കി വിവരമറിയിക്കുന്നതാണെന്നറിയിച്ചു. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-28 കെ യു ആർ ഡി എഫ് സി ലോൺ - ശരിയായ വിവരം ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി കേരള അർബ്ബൻ ആന്റ് റൂറൽ ഡെവലപ്പ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ (കെ യു ആർ ഡി എഫ് സി) തിരുവനന്തപുരത്തു നിന്നും ലോൺ ലഭ്യമായിട്ടുണ്ട്. സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് ഉണ്ടാക്കിയ കരാർ പ്രകാരം ലോൺ പ്രിൻസിപ്പൽ, പലിശ എന്നിവ അടവാക്കി വരുന്നുണ്ട്. ആയതിന്റെ 31.03.2024 ലെ നീക്കിയിരിപ്പ് വാർഷിക കണക്ക്, ലോൺ രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തിയത് താഴെ പറയും പ്രകാരമാണ്.

വാർഷിക കണക്ക് പ്രകാരം തുക	1,09,02,115 രൂപ
ലോൺ രജിസ്റ്റർ പ്രകാരം തുക	1,57,42,057 രൂപ
കെ യു ആർ ഡി എഫ് സി യുടെ കണക്ക് പ്രകാരം തുക	55,01,164

(കെ യു ആർ ഡി എഫ് സി യുടെ നം. KURDFC/GP/334/2015 തീ.31.03.2024 കത്ത് പ്രകാരം)	രൂപ

കെ യു ആർ ഡി എഫ് സി ലോൺ നാളിതുവരെ ലഭ്യമായത്, തുക തിരികെ അടവാക്കിയത്, തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് എന്നിവ സംബന്ധിച്ച കൃത്യമായ വിവരം തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 12/2023-24/07.12.2024- മറുപടി ലഭ്യമാക്കിയില്ല.)

1-29 എക്കോഷോപ്പ് മുഖേനയുള്ള വാങ്ങൽ - അപാകതകൾ

2023-24 വർഷത്തിൽ പ്രോജക്ട് നം.28/24 നെൽകൃഷി വികസനം പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി ഓഫീസർ ബി ആർ എൻ നം.231519520345008389 06/ 24.11.2023 പ്രകാരം 67,500 രൂപയും ഗുണഭോക്തൃവിഹിതം 22,500രൂപയും കൂടി 90,000 രൂപ വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിലെ കൃഷിഭവനുകീഴിൽ പ്രവർത്തിക്കുന്ന എക്കോ ഷോപ്പ് മുഖേന 4500 കി.ഗ്രാം കുമ്മായം കിലോഗ്രാമിന് 20 രൂപ നിരക്കിൽ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1)സ.ഉ (സാധാ)നം.2164/ 2022/തസ്വഭവ തീ.02.09.2022 പ്രകാരം ജൈവവളം എക്കോ ഷോപ്പിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്. എന്നാൽ കുമ്മായം എക്കോ ഷോപ്പിൽ നിന്നും നേരിട്ട് വാങ്ങാവുന്നതല്ല. ആയതിനാധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ നിർദേശിച്ചുവെങ്കിലും ലഭ്യമാക്കിയില്ല.

2)സ ഉ(സാധാ) നം. 2758/2022/LSGD തീ.09.11.2022 പ്രകാരം ജൈവവളങ്ങൾ,കീടനാശിനികൾ അടക്കമുള്ള എല്ലാ ഉല്പാദന സഹായികളുടെയും ഗുണമേൻമ ഉറപ്പുവരുത്തുന്നതിന് ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ

1985,ഇൻസെക്ടിസൈഡ് ആക്ട് 1968 എന്നിവ പ്രകാരമുള്ള ലൈസൻസ് ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഉണ്ടായിരിക്കണം എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ എക്കോഷോപ്പിന് മേൽ പരാമർശിച്ച കുമ്മായം വില്പനക്കുള്ള ലൈസൻസ് ഇല്ല.ലൈസൻസ് ഇല്ലാതെ വിൽപ്പന നടത്തുന്നത് ക്രമവിരുദ്ധമാണ്.

എക്കോ ഷോപ്പിലേക്ക് കുമ്മായം എവിടെ നിന്ന് വാങ്ങിയെന്നും വ്യക്തമല്ല. ഗുണമേന്മ പരിശോധനാവിധേയമാക്കിയതിന്റെ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കാൻ നിർദേശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്കും(നം.15/2023-24/07.12.2024)മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 67,500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-30 പെരുംകുളം വാർഡിൽ തൊഴുത്ത് നിർമ്മാണം പ്രവൃത്തി - അപാകതകൾ

മഹാത്മഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വാർഡ് നം.11 ൽ (പെരുംകുളം)ശ്രീമതി. ഷൈനി വലിയ പറമ്പിൽ എടക്കര പി ഒ എന്നവരുടെ സ്ഥലത്ത് തൊഴുത്ത് നിർമ്മിച്ചു നൽകിയിട്ടുണ്ട്. പ്രവൃത്തിക്കായി 1,17,375 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ 21.03.2024 ന് അക്രഡിറ്റഡ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തി തയ്യാറാക്കിയ മൂല്യ നിർണ്ണയം പ്രകാരം 1,07,581 രൂപയുടെ പ്രവൃത്തിയാണ് നടത്തിയത് എന്ന് എം ബുക്ക് പേജ് നം 15 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഭരണാനുമതി തുക	1,37,584 രൂപ (ഭരണസമിതിയുടെ 17.04.2023 ലെ 11/33 നം. തീരുമാനം)

സാങ്കേതികാനുമതി തുക	1,37,584 രൂപ (ഓർഡർ നം.104122023-2024/2022/151246/STS തീ.17.04.2023)
എം ബുക്ക് നം	330/2023-24

പ്രവൃത്തിക്കായി തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

എഫ് ടി ഒ നം/ തീയ്യതി	തുക	റിമാർക്സ്
1074936/ 24.07.2024	2664	അൺസ്ക്കിൽഡ് ലേബർ ചാർജ് (8x 333) - മസ്റ്റർ റോളിൽ വ്യാപകമായ വെട്ടിതിരുത്തലുകൾ വരുത്തിയിട്ടുണ്ട്.
16396/26.02.2024	22,100	സ്ക്കിൽഡ് ലേബർ ചാർജ് (17x 1300) - മസ്റ്റർ റോളിൽ ദീപ സുനിൽ 10 ദിനം ജോലി ചെയ്തിട്ടുണ്ട്. മറ്റൊരാൾ ഏഴു ദിനം തൊഴിലെടുത്തതായി കാണിച്ചിട്ടുണ്ട് എന്നാൽ തൊഴിലെടുത്തയാളുടെ വിവരങ്ങൾ(പേരും വിലാസവും,ആധാർ നമ്പർ എന്നിവ) രേഖപ്പെടുത്തിയിട്ടില്ല. വിരലടയാളവും (രണ്ടു പേരുടെയും) ഇല്ല. തുക നൽകിയത് സന്ധ്യ എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ്.
1188813/21.03.2024	2,997	അൺസ്ക്കിൽഡ് ലേബർ ചാർജ് (9x 333)

		- മസ്റ്റർ റോളിൽ 14.03.2024 മുതൽ 20.03.2024 വരെ തൊഴിലെടുത്തുവെന്നാണ് തീയ്യതി രേഖപ്പെടുത്തിയത് എന്നാൽ ഒന്നാം തിയ്യതി മുതൽ ഏഴാം തീയ്യതി വരെ തൊഴിലെടുത്തുവെന്നാണ് ദിന ഹാജർ വിവരം രേഖപ്പെടുത്തിയത് .
161213/ 21.03.2024	5,600	സ്ക്കിൽഡ് ലേബർ ചാർജ് (4x 700x2) - മസ്റ്റർ റോളിൽ തൊഴിലെടുത്ത രണ്ടു പേരുടെയും പേര് വയസ്സ് , അക്കൗണ്ട് നം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.കാർഡ് ഉടമയുടെ വിരലടയാളവും (രണ്ടു പേരുടെയും) ഇല്ല. തുക നൽകിയത് ദീപ ടി കെ, സന്ധ്യ എന്നിവരുടെ അക്കൗണ്ടിലേക്കാണ്.
16228/ 02.09.2024	84,014	മെറ്റീരിയലിന്റെ ചെലവ് ഷൈനി വലിയ പറമ്പിൽ എടക്കര പി ഒ എന്നവരുടെ അക്കൗണ്ടിലേക്ക് നൽകിയത്.
ആകെ	**1,17,375**	

മൂല്യനിർണ്ണയം പ്രകാരം 1,07,581 രൂപയുടെ പ്രവൃത്തിയാണ് നടത്തിയത് എന്ന് എം ബുക്ക് പേജ് നം 15 ൽ

രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി 1,17,375 രൂപ (അധികം നൽകിയത് 9,794 രൂപ) നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതും അധികം നൽകിയ 9,794 രൂപ വീഴ്ചക്ക് ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്. കൂടാതെ മറ്റ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 21/2023-24/ 09.12.2024 – മറുപടി ലഭ്യമാക്കിയില്ല.)

1-31 എൻ ആർ ഇ ജി എസ് പ്രവൃത്തികൾ - മെറ്റീരിയലുകൾ സപ്ലൈ ചെയ്തതിനു പണം നൽകിയപ്പോൾ ജി.എസ്.ടി കുറവ് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

താഴെ പറയുന്ന എൻആർഇജിഎസ് പ്രവൃത്തികൾക്ക് നിർമ്മാണ സാമഗ്രികൾക്ക് നൽകിയ തുകയിൽ നിന്ന് നിയമപ്രകാരം ഈടാക്കേണ്ട ജി.എസ്.ടിയുടെ TDS നടത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. വിശദവിവരം താഴെ ചേർക്കുന്നു

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്, അടങ്കൽ, കരാർ	അളവ് പുസ്തകം, ആകെ മൂല്യം,	മെറ്റീരിയൽസ് വില -	**FTO** നമ്പർ
1	ഭഗവതിമുണ്ട നാഗശ്ശേരി റോഡ് കോൺക്രീറ്റ് (വാർഡ് -2)- 4,78,546 കരാറുകാരൻ- ഫൈസൽ പറമ്പൂർ വീട് ,	329/23-24 3,83,385	3,23,527	FTONo.16537/19.08.2024

	എടക്കര പി ഒ			
2.	പള്ളിപ്പടി ന്യൂറിലീഫ് റോഡ് കോൺക്രീറ്റ് (വാർഡ്-7) 4,78,546 കരാറുകാരൻ- ഫൈസൽ പറമ്പൂർ വീട് , എടക്കര. പി ഒ	352/2023-24 3,60,587	3,17,552	FTONo.161158/06.04.2024
3.	ശങ്കരംകുളം പായിംപാടം പള്ളിപ്പടി സമീപം റോഡ് കോൺക്രീറ്റിംഗ് (വാർഡ്-6)- 4,80,057 കരാറുകാരൻ- ലത്തീഫ് തെറ്റത്ത് വീട് ,പായിപാടം പാലേമാട് പി ഒ	372/2023-24 4,05,661	3,40,772	FTONo.16791/06.04.2024
4.	കല്ലേംത്തോട് സൈഡ് റോഡ് കോൺക്രീറ്റിംഗ് (വാർഡ്-16)- 4,52,391 കരാറുകാരൻ-ഗോപകുമാർ കോയിക്കൽ മുണ്ടപ്പൊട്ടി, മരുത പി ഒ	22/2024-25 3,89,294	3,14,282	FTONo.1642/31.08.2024

GST ബാധകമായ പ്രവൃത്തികളിലും ഇടപാടുകളിലും ഒരു കോൺട്രാക്ട് പ്രകാരമുള്ള ഇടപാട് മൂല്യം നികുതികൾ കൂടാതെ 2.5 ലക്ഷം രൂപക്ക് മുകളിലായാൽ ആകെ തുകയുടെ 2% GST ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ഈടാക്കേണ്ടതാണ്. അത് പ്രകാരം മേൽപ്രവൃത്തികളുടെ നിർമ്മാണ സാമഗ്രികളുടെ തുകയിൽനിന്ന് 2% GST അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻകൃയറി നം. 22/2023-24/ 09.12.24 – മറുപടി ലഭ്യമാക്കിയില്ല.)

1-32 വൃക്ഷതൈ വെച്ചുപിടിപ്പിക്കൽ - പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയില്ല.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി പാതിരിപ്പാടം വാർഡിൽ വൃക്ഷതൈവെച്ചു പിടിപ്പിക്കൽ, വാർഡ് അഞ്ചിൽ വൃക്ഷതൈ വെച്ചു പിടിപ്പിക്കൽ എന്നീ പദ്ധതികൾക്കായി താഴെ പറയുപ്രകാരം തുക വിനിയോഗിച്ചിട്ടുണ്ട് .

പ്രവൃത്തി	എസ്റ്റിമേറ്റ് തുക	വിനിയോഗിച്ച തുക	റിമാർക്സ്
പാതിരിപ്പാടം വാർഡിൽ വൃക്ഷതൈ വെച്ചു പിടിപ്പിക്കൽ	49,484 രൂപ	40,709 രൂപ (എം ബുക്ക് നം 354/21-22)	എഫ് ടി ഒ നം-16352/21.08.23-29827 രൂപ എഫ് ടി ഒ നം. 427131/06.02.24-4662രൂപ എഫ് ടി ഒ നം. 1157340/17.06.23-1244 രൂപ എഫ് ടി ഒ നം. 1118115/17.06.23-4976 രൂപ

വാർഡ് അഞ്ചിൽ വൃക്ഷതൈ വെച്ചു പിടിപ്പിക്കൽ (അമൃതസരോവർ ചുരുളികുളത്തിന് ചുറ്റും)	37,665 രൂപ	9324രൂപ (എം ബുക്ക് നം 51/23-24)	എഫ് ടി ഒ നം. 110499/01.02.24-9324 രൂപ

09.12.2024 ന് പ്രവൃത്തി സ്ഥലം സന്ദർശിച്ച വേളയിൽ പാതിരിപ്പാടം വാർഡിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലെ കുളത്തിനു ചുറ്റും വൃക്ഷതൈ വെച്ചു പിടിപ്പിക്കൽ നടത്തിയിരുന്നുവെന്ന് NREGS അസിസ്റ്റന്റ് എഞ്ചിനീയർ വാക്കാൽ വ്യക്തമാക്കി. എന്നാൽ വൃക്ഷതൈകൾ ഒന്നും തന്നെ, 2023-24 വർഷത്തിൽ നടപ്പാക്കിയ പ്രവൃത്തിയായിരുന്നിട്ടും, സ്ഥലപരിശോധനയിൽ കാണാനായി സാധിച്ചില്ല. അപാകതയ്ക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

വാർഡ് അഞ്ചിൽ വൃക്ഷതൈ വെച്ചു പിടിപ്പിക്കൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലെ അമൃതസരോവർ ചുരുളികുളത്തിന് ചുറ്റുമാണ് നടത്തിയതെന്ന് സ്ഥലപരിശോധനാ വേളയിൽ സന്നിഹിതനായിരുന്ന തൊഴിലുറപ്പ് പദ്ധതി ഓവർസീയർ വ്യക്തമാക്കി . എന്നാൽ 2023-24 വർഷത്തിൽ നടപ്പാക്കിയ പ്രവൃത്തിയായിരുന്നിട്ടും ബോർഡ് ഉൾപ്പെടെ അവിടെയൊന്നും കാണാനായി സാധിച്ചില്ല. അപാകതയ്ക്ക് കാരണം വ്യക്തമാക്കേണ്ടതാണ്. കുളത്തിന്റെ വിസ്തൃതി കഴിഞ്ഞാൽ കുറഞ്ഞ ഏരിയയാണ് അവിടെ ബാക്കിയുള്ളത്. കുളത്തിന് ചുറ്റും കരിങ്കല്ല് ഉപയോഗിച്ച് ഉയരത്തിൽ കെട്ടിയിട്ടുണ്ട്. അവിടം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നപക്ഷം കരിങ്കൽ കെട്ടിന് വൃക്ഷങ്ങളുടെ വേരിറങ്ങി കേടുപാടുകൾ സംഭവിക്കുമെന്നിരിക്കെ അപ്രകാരമൊരു പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയതും ഒരു അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിലും വിശദീകരണം നൽകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 24/2023-24/10.12.2024 -മറുപടി ലഭ്യമാക്കിയില്ല)

1-33 വാഹന വാടകയിന്മേൽ ആദായ നികുതി ഈടാക്കിയിട്ടില്ല

പ്രൊജക്ട് നമ്പർ / പേര്.	34/24 – പാലിയേറ്റീവ് കെയർ.
നിർവ്വഹണ ഉദ്യോഗസ്ഥൻ.	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)
അടങ്കൽ തുക.	1150000/- രൂപ (വികസന ഫണ്ട് - ജനറൽ)
വിനിയോഗിച്ച തുക.	867525/- രൂപ.

പരിരക്ഷ പദ്ധതിയുടെ ഭാഗമായി വാഹന വാടകയായി 195700/- രൂപ ശ്രീ.കുഞ്ഞിമുഹമ്മദിന് നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് 30,000 രൂപയ്ക്കു മേൽ നൽകുന്ന തുകയ്ക്കും ഒരു സാമ്പത്തിക വർഷം ഒരു ലക്ഷം രൂപയ്ക്ക് മേൽ നൽകുന്ന തുകയ്ക്കും ആദായ നികുതി ഈടാക്കേണ്ടതാണ്. വ്യക്തികളുടെ PAN ന്റെ അടിസ്ഥാനത്തിലാണ് തുക നൽകുന്നതെങ്കിൽ 1% വും സ്ഥാപനത്തിന്റെ PAN ന്റെ അടിസ്ഥാനത്തിലാണ് തുക നൽകുന്നതെങ്കിൽ 2% വും ടി.ഡി.എസ് പിടിച്ച് ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതും Quarterly Filing ചെയ്യേണ്ടതുമാണ്. എന്നാൽ മെഡിക്കൽ ഓഫീസർ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ.	ബിൽ നമ്പർ / തീയ്യതി	വാഹന വാടക നൽകിയത്.	ഈടാക്കേണ്ടിയിരുന്ന ആദായനികുതി.
1	2/23-24 Dtd 17.05.2023	17600	195700 X 1% = 1957/- രൂപ.
2	5/23-24 Dtd 07.06.2023	17600	

3	29/23-24 Dtd 24.03.2024	17600	
4	30/23-24 24.03.2024	22000	
5	18/23-24 22.11.2023	52800	
6	17/23-24 07.11.2023	10900	
7	33/23-24 24.03.2024	22000	
8	15/23-24 07.11.2023	35200	
ആകെ.		195700	1957/- രൂപ.

മേൽ അപാകതകൾ പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി 27/10.12.2024 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ /തീയതി
2023-24	2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി.

4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്, നമ്പർ	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	99960	പ്രോ.നം.28/24 നെൽകൃഷി വികസനം	99960	0
	220000	പ്രോ.നം.133/24 ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടിക വർഗ്ഗം	220000	0
	400000	പ്രോ.നം.136/24 ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടിക ജാതി	400000	0
	440000	പ്രോ.നം.90/24 ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ	440000	0
	1020000	പ്രോ.നം.131/24 (SO) ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ	1020000	0
	600000	പ്രോ.നം.91/24 (SO) ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ബത്ത	600000	0
ജില്ലാ പഞ്ചായത്ത്	1000000	പ്രോ.നം.187/24 പുനർജനി	1000000	0
	620000	പ്രോ.നം.133/24 ലൈഫ് മിഷൻ	620000	0

	ഭവന നിർമ്മാണം പട്ടിക വർഗ്ഗം		
1800000	പ്രോ.നം.135/24 ലൈഫ് മിഷൻ ഭൂരഹിത ഭവന രഹിതർക്ക് ഭൂമി വാങ്ങി നൽകൽ -പട്ടികജാതി	1800000	0
2000000	പ്രോ.നം.13/24 ലൈഫ് മിഷൻ ഭൂരഹിത ഭവന രഹിതർക്ക് ഭൂമി വാങ്ങി നൽകൽ -ജനറൽ	2000000	0
500000	പ്രോ.നം.136/24 ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടിക ജാതി	500000	0
1920000	പ്രോ.നം.131/24 (SO) ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ	1920000	0
200000	പ്രോ.നം.91/24 (SO) ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ബത്ത	200000	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

ഇല്ല.

4-5 വായ്പ /വായ്പ തിരിച്ചടവ്.

ക്രമ നം.	വായ്പയുടെ ഉദ്ദേശ്യം	ഉത്തരവ് നം./തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി	തൻവർഷം അടച്ചത്		വർഷാവസാന ബാക്കി
					മുതൽ	പലിശ	
1	ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ്	സ.ഉ.(സാധ) നം.2217/2013 /ത.സ്വ.ഭ.വ തിയതി 02/09/2013	37580000	71523994	18845742		90258252
2	ലൈഫ് ലോൺ HUDCO	ലഭ്യമല്ല.	-				

4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ /തിയ്യതി

2022-23	1-33	19402/-	അസിസ്റ്റന്റ് എഞ്ചിനീയർ	1230103482/21/11/2023

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-7	2016-17	--	വസ്തു നികുതി അപാകതകൾ	നടപടി തുടരുന്നു.
	2-2		--	തൊഴിൽ നികുതി അപാകതകൾ	
2011-12, 2012-13	3(2)	2014-15	--	കർഷകത്തൊഴിലാളി പെൻഷൻ അവലോകനം.	നടപടി തുടരുന്നു.

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ക്രമ	റിപ്പോർട്ട്	ഖണ്ഡിക	ഉത്തരവാദിയായ	സർ ചാർജ്ജ്	ഇപ്പോഴത്തെ

നമ്പർ	വർഷം	നമ്പർ	വ്യക്തി	സർട്ടിഫിക്കറ്റ് നമ്പറും തിയതിയും	തുക	അവസ്ഥ
1	1996-97	33(1),(2), 34	ശ്രീ.പി.കുമാരൻ	LF 1935/Spl.Cell /SC3/2000 Dt.27.05.2012	15,604	റിപ്പോർട്ട് ചെയ്തിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ). സംക്ഷിപ്ത വിവരം.

ഓഡിറ്റ് വർഷത്തെ വരവ്	225496924
ഓഡിറ്റ് വർഷത്തെ ചെലവ്	209092289
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	667146

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും
1-14	99646	ശ്രീമതി.നൂർജഹാൻ , ഹെഡ്മിസ്ട്രസ്
1-21	500000	ശ്രീമതി.നൂർജഹാൻ , ഹെഡ്മിസ്ട്രസ്
1-29	67500	ശ്രീമതി.നീതു തങ്കം , കൃഷി ഓഫീസർ
ആകെ	667146	

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

ഇല്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

1996-97	കെ എസ് എ-എം പി എം26/957/18 തി.23.05.18	5
1997-98	കെ എസ് എ-എം പി എം26/957/18 തി.23.05.18	1
2002-03	കെ എസ് എ-എം പി എം26/1543/2019(3) തി.18.10.19	2
2003-04	കെ എസ് എ-എം പി എം26/1543/2019(4) തി.18.10.19	1
2004-05	കെ എസ് എ-എം പി എം26/1543/2019(5) തി.18.10.19	17
2005-06	കെ എസ് എ-എം പി എം26/1543/2019(6) തി.18.10.19	16
2006-07	എൽ.എഫ്.എം.05/1655/09 തി.07.10.11	32
2007-08	കെ എസ് എ-എം പി എം26/2706/19 തി.12.11.2021	11
2008-09	കെ എസ് എ-എം പി എം26/2706/19 തി.12.11.2021	12
2009-10 2010-11	കെ എസ് എ-എം പി എം26/2706/19 തി.12.11.2021	14

2011-12 2012-13	കെ എസ് എ-എം പി എം26/1071/23(6) തി.26.05.2023	11
2013-14 2014-15	കെ എസ് എ-എം പി എം26/1071/23(7) തി.26.05.2023	3
2016-17	കെ എസ് എ-എം പി എം26/1071/23(9) തി.26.05.2023	9
2017-18	കെ എസ് എ-എം പി എം26/1071/23(10) തി.26.05.2023	18
2018-19	കെ.എസ്.എ/എം.പി.എം.26/214/2020 തി:03-11-2020	26
2019-20	കെ.എസ്.എ.എം.പി.എം.26/1485/21 തി:11-05-2022	37
2020-21	കെ.എസ്.എ.എം.പി.എം.26/1486/2021 തി:22-07-2022	30
2021-22	കെ.എസ്.എ.എം.പി.എം.26/391/2021 തി:15.06.2023	25
2022-23	കെ.എസ്.എ.എം.പി.എം.26/2617/2023 തി: 22.03.2024	23

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 19-07-2024 and submitted on 19-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Edakkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a

reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Edakkara Grama Panchayat as on 31-03-2024

Date: 28/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Edakkara Grama Panchayat for the Year 2023-2024.

1.Major Observations

Nil

2.Other Observations

1)Asset Register is not upto date

2)The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),

2011 are not submitted for audit.

a)Ratios

b)Notes on accounts

c)Comparative Statements

3)The details of calculation of Depreciation of Fixed Asset as per Schedule B 11 of Balance Sheet was not made available

for verification (Kerala Panchayath Raj(Accounts)Rules 58-4(g)

4)Net increase/decrease in cash flow does not match with the net cash generated by operating, investing and financial activities and closing balance of cash and cash equivalents .

5)Total Expenditure under Development Fund (General) as per A F S is not tally with total Expenditure under Grant Statement and Sulekha Software.5)

6)Total value of asset created under MGNREGS is not accounted under schedule B 3 of Balance Sheet.

7)Total Expenditure under MGNREGS as per A F S is not tally with the cash book of MGNREGS

8)Advance Register is not upto date

9)Deposit Register is not upto date

10)Loan Register is not upto date

11)Details entered under Schedule B 4 of Balance Sheet is not produced for verification except Mahatma Gandhi National

Rural Employment Guarantee Scheme, Grants for Specific Purposes - Health Grant Towards support for diagnostic

Infrastructure to the PHCs , Grants for Specific Purposes - Health Grant towards conversion of PHCs and Subcentres in to Health and Wellness Centres, Grants, Funds & Contributions For Specific Purposes - Other Government Agencies - Jalanidhi

12)Total receipt under Audit recovery is Rs 19,402 as per A F S. but the same is Rs.92,000 as per documents produced

before Audit.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ എടക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്